# കേരള സർവകലാശാല

നം.പി.ആർ.92/2019 ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## പിഎച്ച്.ഡി പ്രവേശന പരീക്ഷ

സർവകലാശാലയുടെ പിഎച്ച്.ഡി പ്രവേശന പരീക്ഷ 2019 മേയ് 4 ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ തിരുവനന്തപുരം കോട്ടൺഹിൽ ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ വെച്ച് നടക്കുന്നതാണ്. അപേക്ഷകർ ഹാൾടിക്കറ്റുകൾ അവരവരുടെ യൂസർ ഐഡിയും പാസ് വേർഡും ഉപയോഗിച്ച് (www.research.keralauniversity.ac.in) എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതാണ്. സാക്ഷ്യപ്പെടുത്തിയ ഫോട്ടോയുൾപ്പെട്ട ഹാൾടിക്കറ്റുകൾ ഹാജരാക്കാത്തവരെ പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരായ അപേക്ഷകർ കൂടുതൽ സഹായങ്ങൾക്കായി മേയ് 3 ന് മുമ്പ് എസി.ബി1 സെക്ഷനിൽ ബന്ധപ്പെടേണ്ടതാണ്. (Email:academic.b1@gmail.com)

## ടൈംടേബിൾ

2019 ഏപ്രിലിൽ നടന്ന ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.ബി.എ ഡിഗ്രി പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണ്ണയവും വൈവാ വോസിയും മേയ് 7 മുതൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

2019 മേയിൽ നടക്കുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ (പിജിഡിഇസി) പരീക്ഷയ്ക്ക് പിഴ കൂടാതെ മേയ് 6 വരെയും 50 രൂപ പിഴ

യോടെ മേയ് 8 വരെയും 125 രൂപ പിഴയോടെ മേയ് 10 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## വിദൂര വിദ്യാഭ്യാസ കേന്ദ്രം ക്ലാസുകൾ

വിദൂര വിദ്യാഭ്യാസ കേന്ദ്രം എം.എ സോഷ്യോളജി രണ്ടാം സെമസ്റ്റർ (2018 അഡ്മിഷൻ) ക്ലാസുകൾ മേയ് 4 മുതൽ പാളയം സെന്ററിൽ ആരംഭിക്കുന്നതാണ്. മേയ് 4 – 5 തീയതികളിലെ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്, ബി.സി.എ ക്ലാസുകൾ ഉണ്ടായിരിക്കുന്നതല്ല. രണ്ടാം സെമസ്റ്റർ എം.എ പബ്ലിക് അഡ്മിനിസ്ട്രേഷന് ശനി, ഞായർ ദിവസങ്ങളിൽ ക്ലാസ് ഉണ്ടായിരിക്കുന്നതാണ്.

തിരുവനന്തപുരം,
02–05–2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ – ചാർജ്)

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098